ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref.: M/BP/CIR/9.2025 November 26, 2025

ഇടയലേഖനം

ഇരുളിലേക്ക് തെളിഞ്ഞ പ്രത്യാശയുടെ വെളിച്ചം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

പാതിരാവിന്റെ നിശബ്ദതയിൽ, പൂനിലാവിന്റെ മൃദുവായ പുഞ്ചിരിയിൽ മനഷ്യന്റെ ഇരുണ്ട വഴികളിലേയ്ക്ക് പ്രത്യാശയുടെ വെളിച്ചമായി ഇറങ്ങിവന്ന നമ്മുടെ ഉടയവനായ ദൈവത്തിന്റെ അതിമനോഹരവും രക്ഷാകരവുമായ ഇടപെടലിനെ വീണ്ടും ഓർക്കുകയാണ് നാം. പ്രത്യാശയുടെ പുതിയൊരു ശ്വാസം നമ്മെ സ്പർശിക്കുന്ന കാലമാണ് ഡിസംബർ മാസം. മണ്ഡ്യ രൂപതയിലെ എല്ലാവർക്കും– ഓരോ കുടുംബത്തിനും എന്റെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും ക്രിസ്മസ് ആശംസകൾ നേരുന്നു. ക്രിസ്മസ് രാവിലെ തിരുബലിയിൽ നിങ്ങൾ ഓരോരുത്തരെയും ഞാൻ ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നതാണ്. വളരെ പ്രത്യേകമായി ബന്ധുമിത്രാദികൾ ആകസ്മികമായി നഷ്ടപ്പെട്ടുപോയവരെ, മനസ്സ് തകർന്നവരെ, മാതാപിതാക്കളുടെ മുഖം കാണാൻ ദീർഘയാത്ര ചെയ്യുന്നവരെ, രോഗം മൂലം വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിപ്പോയവരെ, പ്രിയപ്പെട്ടവരുടെ ആത്മഹത്യയുടെ കനത്ത മുറിവിൽ തളർന്നവരെ– ഇവരെയെല്ലാം ഞാൻ ദൈവത്തിന്റെ സ്നേഹബലിയിൽ ചേർത്തു നിർത്തുന്നു. നിങ്ങൾക്ക് എല്ലാവർക്കും എന്റെ ക്രിസ്മസ് ആശംസകൾ നേരുന്നു. ഈ ക്രിസ്മസ്– നിങ്ങളുടെ കണ്ണുനീർ പ്രത്യാശയായും, മുറിവുകൾ ആശ്വാസമായും, ഹൃദയത്തിന്റെ ഇടറിപ്പോയ ഭാഗങ്ങൾ ദൈവകരങ്ങളാൽ കൂട്ടിച്ചേർക്കുന്ന ഒരു പുതിയ അനുഭവമായും മാറ്റട്ടെ. ഈ മംഗളവർത്തക്കാലം 'നിങ്ങൾ ഒരിക്കലും ഒറ്റക്കല്ല' എന്ന ദൈവസ്നേഹസത്യം നിങ്ങളുടെ ഹൃദയത്തിൽ വീണ്ടും തെളിയിക്കട്ടെ.

ഓരോ വർഷത്തിലെയും അതീവ സുന്ദരമായ ഒരു സമയമാണ് ക്രിസ്മസ് കാലം. രാത്രിയുടെ നിശബ്ദമായ സൗന്ദര്യവും, കാലാവസ്ഥയുടെ മൃദുവായ മാറ്റവും, കുട്ടികളുടെ അവധിക്കാല ആവേശവും, നക്ഷത്രങ്ങളുടെ മാസ്മരിക വെളിച്ചവും, ബന്ധുമിത്രാദികളുടെ ഊഷ്മള സാന്നിധ്യവും– ഇവയെല്ലാം ചേർന്ന് ഈ ക്രിസ്മസ് കാലം ഒരു പ്രത്യേകത സ്വന്തമാക്കുന്നു. പാട്ടിന്റെ ആരവങ്ങളും കരോളിന്റെ ഹൃദയ സ്പർശിയായ സംഗീതവും മനുഷ്യഹൃദയത്തെ സൂക്ഷ്മമായി തൊട്ടുണർത്തുന്ന നിമിഷങ്ങളാണ്. പേപ്പറിലൂടെ പശ ഒട്ടിച്ചു ക്രിസ്മസ് നക്ഷത്രം നിർമ്മിച്ചതും, രണ്ട് മുളം തണ്ടുകളും കുറെ വയ്ക്കോലുമായി ക്രിസ്മസ് ക്രിബ് പണിതതും, കൂർത്ത കരിങ്കൽ കല്ലുകൾ പാകിയ വഴിയിലൂടെ തണുത്ത രാത്രിയിൽ പള്ളിയിലേക്ക് പോയ കാലങ്ങളുമെല്ലാം ഇന്നും അനവധി മനുഷ്യരുടെ ഹൃദയത്തിൽ നിന്നും മങ്ങിയിട്ടില്ല. ക്രിസ്മസ് ഓർമ്മകളുടെ ഒരു ആവേശമാണ്. നിത്യതയിലേക്കുള്ള സ്നേഹത്തിന്റെ തുറന്ന വാതിലുമാണ്. മനുഷ്യ ഹൃദയത്തെ വീണ്ടും ഒന്നിപ്പിക്കുകയും നമ്മുടെ ഉള്ളിൽ സ്നേഹത്തിന്റെ വെളിച്ചം സ്വയംതെളിയിക്കുകയും ചെയ്യുന്ന ദൈവകൃപയുടെ അപാരമായ സമ്മാനമാണ് ക്രിസ്മസ്.

രണ്ടാം ലോക മഹായുദ്ധത്തിന്റെ തീപൊള്ളുന്ന നടുവിലും ക്രിസ്മസ് രാത്രി വരുമ്പോൾ യുദ്ധത്തിന്റെ ക്രൂരതക്കുപോലും മനുഷ്യഹൃദയത്തെ തൊടാൻ കഴിഞ്ഞെന്നു ചരിത്രം നമ്മോട് പറയുന്നു. ബാരക്കുകളിൽ നിന്നിറങ്ങി ശത്രുക്കൾ പോലും പരസ്പരം ക്രിസ്മസ് ആശംസകൾ പങ്കിട്ടു. ഒരു നിമിഷത്തേക്കുപോലും യുദ്ധമെന്നത് അവർ മറന്നു. അതായിരുന്നു ക്രിസ്മസ് എന്ന അത്ഭുതത്തിന്റെ ശക്തി. ഇത് ഒരു മതാഘോഷം മാത്രമല്ല, മാനവ ജനതയുടെ മുഴുവൻ ആഘോഷമാണ്. കാരണം, ചരിത്രത്തിന് ചിന്തിക്കാൻ പോലും സാധിക്കാത്ത രീതിയിൽ മനുഷ്യത്വത്തിന്റെ പൂർണ്ണിമയുള്ള ഒരു മനുഷ്യകുഞ്ഞു പിറന്നതാണ് ഈ രാത്രിയുടെ പ്രത്യേകത. നന്മയിലേക്കുള്ള മടക്കയാത്രയും അഹിംസയിലേക്കുള്ള തിരിഞ്ഞു നടത്തവും

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

നിരുപാധിക സ്നേഹത്തിലേക്കുള്ള മടങ്ങിവരവും എല്ലാം ഈ രാത്രിയുടെ സമ്മാനം തന്നെയാണ്.

നമുക്ക് എങ്ങനെ ആ സംഭവത്തെ ആഘോഷമാക്കാം. ആദ്യമായി നാം ചെയ്യേണ്ടത് ആത്മാവിന് ആഹാരം നൽകുക എന്നുള്ളതാണ്. അത് വചനവായന ആകാം, ഒരു ചെറിയ ധ്യാനമാകാം, സത്യസന്ധമായ ഒരു കുമ്പസാരം ആകാം, മംഗളവാർത്താ കാലത്തെ ഇടദിവസങ്ങളിലെ വിശുദ്ധ കുർബാനയിൽ പങ്കെടുക്കലാകാം, ഓരോ ആത്മീയശ്രമവും നമ്മെ ആന്തരികമായി ബലപ്പെടുത്തുന്നു. ക്രിസ്മസ് ഒരു ബാഹ്യഘോഷം മാത്രമല്ല, ഇത് ഒരു ആന്തരികമായ പെസഹാരഹസ്യത്തിന്റെ ഓർമ്മകൂടിയാണ്. ബാഹ്യലോകത്തിന്റെ ബുദ്ധിയിൽ ഉൾക്കൊള്ളാനാവാത്ത, പക്ഷേ, വിശ്വാസിയുടെ ഹൃദയം തിരിച്ചറിയുന്ന ദൈവമരുളിയ ആഴമേറിയ സ്പർശനമാണിത്. ആന്തരികമായ ഒരുക്കം നമ്മുടെ ഈ മഹാസംഭവത്തിന് മാറ്റു കൂട്ടും. മണ്ഡ്യ രൂപതയിലെ എല്ലാ മക്കളും ആന്തരികമായി ഒരുങ്ങുവാൻ സമയം കണ്ടെത്തട്ടെ, എന്ന് ഞാൻ ആശിക്കുന്നു, പ്രാർത്ഥിക്കുന്നു.

ആന്തരികമായ ആഘോഷങ്ങൾ എത്ര പ്രാധാന്യമുള്ളതാണോ, അതുപോലെ തന്നെ ബാഹ്യമായ ആഘോഷങ്ങൾക്കും വലിയ അർത്ഥമുണ്ട്. അത് നമ്മെ പഠിപ്പിച്ചത് പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവാണ്. ശൂന്യതയിലും ലാളിത്യത്തിലും ജനിച്ച ദൈവശിശു– മനുഷ്യജീവിതത്തിലെ ചെറിയ സന്തോഷങ്ങൾക്കുപോലും ഒരു ദിവ്യസ്പർശം നൽകുകയായിരുന്നു. ദൈവം മാംസം ധരിച്ചതിലൂടെ മനുഷ്യബന്ധിതമായ ബാഹ്യമായ ആഘോഷങ്ങളും പരിപൂജിതമായി. നക്ഷത്ര വിളക്കുകളും, കരോൾ ഗാനങ്ങളും, സ്നേഹക്കൂട്ടായ്മകളും, ഒത്തുചേരലുകളും പ്രാധാന്യമുള്ളതായി മാറുന്നു. അവയെല്ലാം വിശുദ്ധീകരിക്കുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. അവയെല്ലാം നമ്മുടെ ശരീരത്തിന് ഉന്മേഷം പകരുവാനുള്ളതാണ്. വിരസമായ നമ്മുടെ ജീവിതപാതകളെ വീണ്ടും വസന്തമാക്കാൻ ക്രിസ്മസ് വരുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം: ഭൂമിയിൽ സന്മനസുള്ളവർക്കു സമാധാനം.

അതോടൊപ്പം തന്നെ അതീവമൂല്യമുള്ള ഒരു ഘടകമാണ്, ക്രിസ്മസ് ആഘോഷിക്കുവാൻ സാധിക്കാത്തവർക്കു നമ്മൾ തന്നെ ക്രിസ്മസ് സമ്മാനമായി മാറുക എന്നത്. കിടപ്പു രോഗികളെ സന്ദർശിക്കുക, കാൻസർ മുതലായ രോഗത്തിന് അടിപ്പെട്ടവർക്ക് സന്തോഷമേകുന്ന സമ്മാനങ്ങൾ നൽകുക, സാമ്പത്തിക അടിത്തറ അവതാളത്തിലായവർക്കു ധനസഹായം നൽകുക, അനാഥരായ കുട്ടികൾക്ക് പുതിയ ഉടുപ്പുകൾ സമ്മാനിക്കുക അങ്ങനെ ഒത്തിരി സാധ്യതകൾ നമ്മുടെ മുൻപിൽ തുറന്നുകിടക്കുന്നു. ഉണ്ണിയേശുവിനെ സന്ദർശിക്കുവാൻ വന്ന ആട്ടിടയന്മാരെപ്പോലെയും അവനെ ആരാധിക്കുവാൻ വന്ന രാജാക്കന്മാരെപ്പോലെയും രൂപാന്തരപ്പെടണം നമ്മൾ. ദൈവം നമുക്ക് നൽകിയ ഏറ്റവും വലിയ സമ്മാനം ഈ ജീവിതമാണ്. ആ സമ്മാനത്തിന് നന്ദിയായി ഉയരുന്ന വാക്കുകളാകട്ടെ, അല്ലെങ്കിൽ നാം സ്നേഹത്തോടെ ചെയ്യുന്ന ഓരോ പ്രവൃത്തിയാകട്ടെ, അതെല്ലാം ദൈവത്തോടുള്ള നമ്മുടെ കൃതജ്ഞതയുടെ മനോഹരമായ പ്രകടനങ്ങളാകുന്നു.

ക്രിസ്മസ് കുരുന്നുകളുടെ ഉത്സവകാലമാണ്. വിസ്മയം സൃഷ്ടിക്കുന്ന എല്ലാം നൽകി നാം അവർക്ക് നല്ല ഓർമ്മകൾ നൽകണം. ഒരു ജീവിതകാലം മുഴുവൻ ഓർത്തുസൂക്ഷിക്കുവാൻ പറ്റിയ നല്ല ഓർമ്മകൾ. മാതാപിതാക്കൾ അവരുടെ കൂടെയിരുന്ന് സമയം ചിലവഴിക്കണം. ഗ്രാൻഡ് പേരെന്റ്സ് അവർക്ക് ക്രിസ്മസ് കഥകൾ പറഞ്ഞുകൊടുക്കണം. ബന്ധുമിത്രാദികൾ അവർക്ക് ഇഷ്ടപ്പെട്ട ആഹാരം പാകം ചെയ്തു കൊടുക്കണം. അവരുടെ അവധി ദിവസങ്ങൾ വിശ്രമത്തിന്റേതാകട്ടെ. ആവശ്യം പോലെ കിടന്നുറങ്ങുവാൻ, സന്തോഷമേകുന്നത് എല്ലാം കാണുവാൻ, അവരുടെ സുഹൃത്തുക്കളോടൊപ്പം സമയം ചിലവഴിക്കുവാൻ, അവരെ അനുവദിക്കണം. മനുഷ്യന് നൽകപ്പെട്ടിരിക്കുന്ന രണ്ട് സവിശേഷതകളാണ് ക്രിയാത്മകതയും വിനോദങ്ങളും. പഠനം മാറ്റിവച്ചു അവർ ആദിമ നിഷ്കളങ്കതയിലേക്കു മടങ്ങട്ടെ.

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

കുഞ്ഞുങ്ങളെ കാത്തിരിക്കുന്നവർക്കും, അമ്മമാരായി മാറാൻ ഒരുങ്ങുന്നവരുമായ എല്ലാ സഹോദരികൾക്കും എന്റെ സ്നേഹത്തിൽ പൊതിഞ്ഞ ക്രിസ്മസ് ആശംസകൾ. ക്രിസ്മസ് വിരുന്നൊരുക്കി പലപ്പോഴും തളർന്നുപോകുന്ന എല്ലാ കുടുംബിനികൾക്കും ദൈവത്തിന്റെ പ്രത്യേക കരുത്തു നേരുന്നു. സമ്മാനങ്ങൾ വാങ്ങി സന്തോഷമായി വീട്ടിലെത്തിക്കുന്ന എല്ലാ അപ്പന്മാർക്കും നന്മ നിറഞ്ഞ ദിനങ്ങൾ ആശംസിക്കുന്നു. ജീവിതത്തിൽ ഒറ്റപ്പെട്ടതായി തോന്നുന്ന എല്ലാവർക്കും യൗസേപ്പിതാവിന്റെ സ്നേഹ പരിരക്ഷയും ധൈര്യവും ലഭിക്കട്ടെ. വിശ്വാസ പരിശീലകർക്കു ഇത് സ്മരണകൾ പുതുക്കുന്ന നല്ല ദിനങ്ങളാകട്ടെ. ഗായക സംഘത്തിന് ക്രിസ്മസ് പാട്ടുകളുടെ ഒരു മഹോത്സവമായിരിക്കട്ടെ. അൾത്താര ബാലികാ ബാലന്മാർക്ക് ഇത് പുൽക്കൂടിനോട് ചേർന്ന് നിൽക്കുവാനുള്ള ഒരു അവസരമാകട്ടെ. യുവജനങ്ങൾക്ക്, ക്രിസ്മസ്സിന് അവധിക്ക് പോകുവാൻ സാധിക്കാത്തവർക്ക്, ഇത് പ്രതീക്ഷയുടെ മഹോത്സവമാകട്ടെ. മാതൃവേദിക്കാർക്ക് ഇത് അമ്മസ്നേഹത്തിന്റെ വിരുന്നാകട്ടെ. പിതൃവേദി അംഗങ്ങൾക്ക് ഇത് സാഹോദര്യത്തിന്റെ സമയമാകട്ടെ. വിൻസെന്റ് ഡി പോൾ അംഗങ്ങൾക്ക് ഇത് ഉപവിയുടെ പിറന്നാൾ ആകട്ടെ. വിവാഹത്തിന്റെ ആദ്യവർഷം ആഘോഷിക്കുന്നവർക്കു ഇത് പ്രതീക്ഷയുടെ പൂത്തിരി കത്തിക്കലാകട്ടെ. അച്ചന്മാർക്കും സിസ്റ്റേഴ്സിനും ദൈവജനത്തെ അതിരറ്റു സ്നേഹിക്കുന്ന വത്സലപിതാവിന്റെ കരുണ വിളമ്പപ്പെടുന്ന മുഹൂർത്തമാകട്ടെ.

ഈ വിശുദ്ധ രാത്രിയിൽ, നക്ഷത്രങ്ങൾ ആകാശത്തു തെളിയുന്നതിലും കൂടുതലായി നമ്മുടെ ഹൃദയങ്ങളിൽ ഒരു പുതിയ വെളിച്ചം തെളിയിക്കട്ടെ. ജീവിതത്തെ കീറിമുറിക്കുന്ന വേദനകളും, അത് നമ്മെ തളർത്തുന്ന കഠിനസമയങ്ങളും, വാക്കുകൾ പോലും കണ്ടെത്താനാകാതെ നാം മൗനമവലംബിക്കുന്ന നിമിഷങ്ങളും, അവയെല്ലാം ദൈവത്തിന്റെ സ്നേഹം മുദുവായി തൊട്ടുണർത്തുന്ന ഒരു പുതുയാത്രയായി തീരട്ടെ. ക്രിസ്മസ് എന്നത് ഒരു ദിവസം മാത്രമല്ല, അത് ഒരു രീതിയാണ് – ഓരോരുത്തരോടുമുള്ള ദൈവത്തിന്റെ നിശബ്ദമായ ഉറപ്പ്; 'നിങ്ങൾ വീണാലും ഞാൻ കൂടയുണ്ട്, നിങ്ങൾ വഴി മാറിയാലും ഞാൻ നിങ്ങളെ തിരികെ കൊണ്ടുവരും. നിങ്ങൾ ഇരുളിൽ ആയാലും ഞാൻ നിങ്ങളെ വെളിച്ചത്തിലേക്കു നയിക്കും'. അതുകൊണ്ട് തന്നെ ഈ ക്രിസ്മസ് മനുഷ്യഹൃദയങ്ങളിൽ പ്രത്യാശയുടെ വാതിലുകൾ വീണ്ടും തുറക്കട്ടെ. പുതുയുഗത്തിന്റെ കാറ്റ് നമ്മുടെ ഉള്ളിൽ ഒരു ശാന്തഗാനമായി വീശട്ടെ. ദൈവം നമ്മോടൊപ്പം നടന്നു പോകുന്നുവെന്ന ശാശ്വതസത്യത്തിൽ നിന്ന് പൊന്തിയ ഒരു സമാധാനം നിങ്ങളുടെ ഓരോ ദിവസത്തെയും അനുഗ്രഹിക്കുമാറാകട്ടെ. എല്ലാവർക്കും ഒരിക്കൽകൂടി ക്രിസ്മസ്സിന്റെ ആശംസകൾ.

എന്റെ വാത്സല്യവും സ്നേഹവും നിങ്ങളെ അറിയിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

സെബാസ്റ്റ്യൻ പിതാവ്

ഈ സർക്കുലർ 2025 നവംബർ 30-ാം തീയതി ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.